# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തൊന്ന്

## നിലവിളക്കിന്റെ അനുഭവത്തിന്റെ നാലു വശങ്ങൾ

സത്യങ്ങളുടെ ഏകദേശം എല്ലാ വിത്തുകളും വിതയ്ക്കപ്പെട്ട നിലമാണ് ഉല്പത്തി. വേദപുസ്തകത്തിന്റെ ആരംഭത്തിൽ വിതയ്ക്കപ്പെട്ട സത്യങ്ങളുടെ കൊയ്ത്ത് നമുക്ക് വെളിപ്പാടിൽ ഉണ്ട്. പരിണതിയുടെ ഈ പുസ്തകത്തിൽ സ്ഥലംസഭകൾ നിർണ്ണായകമാണ്. സ്ഥലംസഭകൾ ഈ പുസ്തകത്തിന്റെ ദൃഷ്ടികേന്ദ്രവും ആണ്. സ്ഥലംസഭകൾ ദൈവത്തിന്റെ പുരോഗമനാത്മകമായ വെളിപാടിന്റെയും പ്രത്യക്ഷതയുടെയും ഉദ്ദിഷ്ടസ്ഥാനമാണെന്ന് നാം കണ്ടുകഴിഞ്ഞു. വേദപുസ്തകത്തിൽ നമുക്ക് ദൈവത്തിന്റെ വെളിപാടു മാത്രമല്ല, അവന്റെ പ്രത്യക്ഷതയും ഉണ്ട്. വെളിപാട് ഉപദേശത്തോട് വളരെ അടുത്തിരിക്കുന്നു എന്നു കണക്കാക്കാം, എന്നാൽ പ്രത്യക്ഷത നിശ്ചയമായും അനുഭവത്തോടു ബന്ധപ്പെട്ടതാണ്. അതുകൊണ്ട്, വേദപുസ്തകം നമുക്ക് ഉപദേശം മാത്രമല്ല അനുഭവവും നൽകുന്നു, ദൈവത്തിന്റെ വെളിപാട് മാത്രമല്ല ദൈവത്തിന്റെ പ്രത്യക്ഷതയും നൽകുന്നു. സ്ഥലംസഭകൾ ഇല്ലാതിരുന്നുവെങ്കിൽ, ദൈവത്തിന്റെ വെളിപാടിനും പ്രത്യക്ഷതയ്ക്കും ഒരു ഉദ്ദിഷ്ടസ്ഥാനം ഉണ്ടാകുമായിരുന്നില്ല.

സാത്താൻ എന്ന കൗശലക്കാരനായ ശത്രു സ്ഥലംസഭകളെ വെറുക്കുന്നു. നൂറ്റാണ്ടുകളിലുടനീളം നിരവധി നല്ല ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ മറ്റനേകം കാര്യങ്ങൾക്ക് അവരുടെ ശ്രദ്ധയെ വിനിയോഗിച്ചിട്ടുണ്ട്. ഈ കാര്യങ്ങളിൽ ചിലത് പ്രധാനപ്പെട്ടതായിരുന്നുവെന്നു നാം സമ്മതിക്കുന്നു. എന്നിരുന്നാലും, സ്ഥലംസഭകളുടെ ഉദ്ദിഷ്ടസ്ഥാനം നഷ്ടപ്പെടുത്തിക്കൊണ്ട് മിക്ക ഉപദേഷ്ടാക്കന്മാർക്കും ലക്ഷ്യം തെറ്റിപ്പോയിരുന്നു. അവൻ കർത്താവായിരിക്കുന്നതിനാൽ നാം ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യണം. അവൻ ഒരിക്കലും ഈ വിഷയം കടന്നുപോകുവാൻ അനുവദിക്കുകയില്ല. കഴിഞ്ഞ നിരവധി നൂറ്റാണ്ടുകളിൽ അനേകം കാര്യങ്ങൾ പ്രത്യുദ്ധരിച്ചതിനുശേഷം, നമ്മുടെ സമയത്തിൽ അവൻ ഈ ഉദ്ദിഷ്ടസ്ഥാനത്തിലേക്കു വന്നിരിക്കുന്നു. ഇക്കാരണത്താൽ, രാവും പകലും, നമ്മുടെ ഏകഭാരം സ്ഥലംസഭകളെ പണിയുക

എന്നതാണ്. നാം കടന്നുപോകുന്ന സകല ആക്രമണവും എതിർപ്പും നാം സ്ഥലംസഭകൾക്കുവേണ്ടി നിൽക്കുന്നതുകൊണ്ടു മാത്രമാണ്.

## സഭയുടെ ഒരു മുൻകുറിയായ നിലവിളക്ക്

സഭ എന്ന പ്രയോഗം പഴയനിയമത്തിൽ കാണുന്നില്ലെന്ന് എല്ലാവർക്കും അറിയാം. ആദ്യമായി അത് ഉപയോഗിച്ചിരിക്കുന്നത് മത്തായി 16:18-ലാണ്. അവിടെ കർത്താവായ യേശു പറഞ്ഞു, "ഞാൻ എന്റെ സഭയെ പണിയും." എങ്കിലും, പഴയനിയമത്തിൽ സഭയുടെ നിഴലായിരിക്കുന്ന അനേകം മുൻകുറികളുണ്ട്. ഉദാഹരണത്തിന്, ഉല്പത്തി 2-ൽ ക്രിസ്തുവിന്റെ നേരിണയായ സഭയുടെ മുൻകുറിയായി നമുക്ക് മണവാട്ടി ഉണ്ട്. കൂടാതെ, കൂടാരവും ആലയവും ഭൂമിയിൽ മനുഷ്യരുടെ ഇടയിലുള്ള ദൈവത്തിന്റെ വാസസ്ഥലമായ സഭയുടെ മുൻകുറികളാണ്. സഭ ദൈവത്തെ ആവിഷ്കരിക്കുന്ന ഒരു സംഘാതജനവും ആണെന്ന് ഒരു സംഘാതജനമായ യിസ്രായേൽമക്കൾ സൂചിപ്പിക്കുന്നു. എന്നാൽ, ഈ മുൻകുറികളൊന്നും നിലവിളക്കുപോലെ സർവവും ഉൾക്കൊള്ളുന്നതല്ല.

നിലവിളക്ക് ആദ്യമായി പരാമർശിച്ചിരിക്കുന്നത് പുറപ്പാട് 25-ലാണ്. നമുക്ക് ഈ അധ്യായം മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ, നിലവിളക്ക് സഭയോടോ അല്ലെങ്കിൽ സഭകളോടോ ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. പഴയനിയമത്തിന്റെ അവസാനത്തോടടുത്ത്, സെഖര്യാവ് 4-ൽ വീണ്ടും നിലവിളക്കിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നത് നാം കാണുന്നു. പുറപ്പാടിൽനിന്ന് കുറച്ചുകൂടി പുരോഗമനവും പരിഷ്കരണവും സെഖര്യാവ് കാണിക്കുന്നു. പുറപ്പാടിൽ ഏഴു വിളക്കുകളോടുകൂടിയ വിളക്കുതണ്ട് മാത്രമേ നമുക്കുള്ളൂ: ഏഴു വിളക്കുകൾ എന്തിനെ പരാമർശിക്കുന്നുവെന്ന് അവിടെ പറഞ്ഞിട്ടില്ല. എന്നാൽ സെഖര്യാവിൽ ഏഴു വിളക്കുകളുടെ നിശ്ചിതമായ ഒരു വ്യാഖ്യാനം നമുക്ക് നല്കിയിരിക്കുന്നു, കാരണം ഈ പുസ്തകത്തിൽ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴു കണ്ണുകളാണെന്നും (4:10), കല്ലിന്റെ ഏഴു കണ്ണുകളാണെന്നും നമ്മോടു പറഞ്ഞിരിക്കുന്നു (3:9). സെഖര്യാവ് നിലവിളക്കിനെ സംബന്ധിച്ച രണ്ടു മുഖ്യകാര്യങ്ങൾ—നിലവിളക്കിലെ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴു കണ്ണുകളാണെന്നും, കല്ലിന്റെ ഏഴു കണ്ണുകളാണെന്നും നമ്മോട് പറയുന്നു. സെഖര്യാവിൽ അവതരിപ്പിച്ചിരിക്കുന്ന ചിത്രത്തെ നോക്കുക. ദൈവത്തിന്റെ ഏഴു കണ്ണുകളായ, കല്ലിനുള്ള ഏഴു കണ്ണുകൾ, സൂചിപ്പിക്കുന്നത് ഈ ഏഴു കണ്ണുകൾ ദൈവം താൻ ആയിരിക്കുന്നതിനെ നമ്മിലേക്കു നിവേശിപ്പിക്കുന്നു എന്നാണ്. ദൈവം വെളിച്ചം, ജീവൻ, സ്നേഹം,

വിശുദ്ധി മുതലായവ ആണ്. ജീവമൂലകമെന്ന നിലയിൽ അവൻ ആയിരിക്കുന്നതെല്ലാം അവന്റെ ഏഴു കണ്ണുകളിലൂടെ നമ്മിലേക്കു നിവേശിപ്പിക്കുന്നു. മനുഷ്യരായ നമ്മെ സംബന്ധിച്ചും ഇതു സത്യമാണ്, കാരണം നാം മറ്റുള്ളവരെ നോക്കുമ്പോൾ നമ്മിലുള്ള ചിലത് നമ്മുടെ കണ്ണുകളിലൂടെ അവരിലേക്ക് നിവേശിക്കപ്പെടുന്നു. കല്ലിന്റെ ഏഴു കണ്ണുകളുമായിരിക്കുന്ന ദൈവത്തിന്റെ ഏഴു കണ്ണുകളുടെ സവിശേഷത എന്താണ്? കല്ല് കെട്ടിടത്തിനു വേണ്ടിയാണെന്നതിന് സംശയമില്ല. അങ്ങനെ ഈ ഏഴു കണ്ണുകൾ ജീവമൂലകമായ ദൈവത്തെ നമ്മിലേക്ക് നിവേശിക്കുന്നുവെന്നു മാത്രമല്ല, നമ്മെ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള സാമഗ്രിയാക്കിക്കൊണ്ട് അവ നിർമ്മാണവസ്തുവായ ക്രിസ്തുവിനെ നമ്മിലേക്ക് നിവേശിപ്പിക്കുകയും ചെയ്യുന്നു. നിലവിളക്കിന്റെ ഏഴു വിളക്കുകളായ ദൈവത്തിന്റെ ഈ ഏഴു കണ്ണുകൾ ആത്മാവാണെന്ന് സെഖര്യാവ് 4:2-6-ഉം 10-ഉം പരോക്ഷമായി സൂചിപ്പിക്കുന്നു. "ഇവ എന്താകുന്നു?" എന്ന ചോദ്യത്തിനുള്ള ഉത്തരത്തിൽ അതു പറയുന്നു, "സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (4:6). ദൈവത്തിന്റെ നിർമ്മാണത്തിൽ പ്രബലപ്പെടുവാൻ നമുക്ക് കഴിയുന്നത് ആത്മാവിലൂടെ മാത്രമാണെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, സെഖര്യാവ് 4-ലെ നിലവിളക്ക് പുറപ്പാട് 25-ലെ നിലവിളക്കിനപ്പുറമായി ഒരു നിശ്ചിത വികാസത്തെ വെളിപ്പടുത്തുന്നു. എങ്കിലും, സെഖര്യാവ് പരിണതിയുടെ പുസ്തകമല്ല; വെളിപ്പാട് പുസ്തകം എന്ന വേദപുസ്തകത്തിന്റെ അവസാന പുസ്തകത്തിലേക്ക് നാം എത്തുന്നതുവരെ നാം തുടർന്നുപോകണം.

വെളിപ്പാടിൽ ഏഴു പൊൻനിലവിളക്കുകളുണ്ട്. ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളും കുഞ്ഞാടിന്റെ ഏഴു കണ്ണുകളും ആണെന്ന് ഈ പുസ്തകം വെളിപ്പെടുത്തുന്നു (5:6). അതുകൊണ്ട്, നിലവിളക്കിൽ ദൈവവും, ക്രിസ്തുവും, ആത്മാവും, വീണ്ടെടുപ്പുകാരനും, നിർമ്മാണവസ്തുവും ഉൾപ്പെടുന്നു.

## നമ്മുടെ അനുഭവത്തിനുവേണ്ടിയുള്ള നിലവിളക്കിന്റെ നാലു വശങ്ങൾ

പുറപ്പാട് 25-ഉം, സെഖര്യാവ് 3-ഉം 4-ഉം, വെളിപ്പാട് പുസ്തകവും നാം വിചിന്തനംചെയ്യുമ്പോൾ, നാം അനുഭവമാക്കേണ്ടതായ നിലവിളക്കിന്റെ നാലു വശങ്ങൾ നാം കാണുന്നു. ഒന്നാമത്, നിലവിളക്കിന്റെ പൊന്നിൻമൂലകം എന്ന സാരാംശത്തിൽ നാം പങ്കുകൊള്ളണം. രണ്ടാമത്, തണ്ട് എന്ന നിശ്ചിതമായ രൂപത്തിലേക്കുള്ള ഈ പൊന്നിൻസാരാംശത്തിന്റെ രൂപപ്പെടലിനെ നാം അനുഭവമാക്കണം. നിലവിളക്കിലെ പൊന്ന് ഒരു പിണ്ഡമല്ല;

മറിച്ച്, അത് ഒരു തണ്ടായി രൂപപ്പെട്ടതാണ്. മൂന്നാമത്, രൂപത്തോടൊപ്പം, നാം ഏഴു വിളക്കുകളുടെ പ്രകാശിപ്പിക്കലിലൂടെ നിലവിളക്കിന്റെ ആവിഷ്കാരത്തെ അനുഭവമാക്കണം. നാലാമത്, നിലവിളക്കിന്റെ പുനരുല്പാദനം എന്ന വിഷയമുണ്ട്. ഇക്കാരണത്താൽ, നിലവിളക്കിന്റെ മൂലകം, രൂപം, ആവിഷ്കാരം, പുനരുല്പാദനം എന്നീ നാലു വശങ്ങൾ നാം അനുഭവമാക്കണം.

## പൊന്നിൻമൂലകത്തെ അനുഭവമാക്കുന്നത്

നാം എല്ലാവരും നിലവിളക്കിന്റെ പൊന്നിൻമൂലകം അനുഭവമാക്കണം. നമുക്ക് ഒരു ഔൺസ് പൊന്നു മാത്രം ഉണ്ടെങ്കിൽ, എങ്ങനെ ഒരു നിലവിളക്ക് രൂപപ്പെടുത്തുവാൻ കഴിയും? ഇത് അസാധ്യമായിരിക്കും. നമുക്കൊരു മോതിരം ഉണ്ടാക്കാമായിരിക്കാം, ഒരു നിലവിളക്ക് തീർച്ചയായും പറ്റില്ല. ഒരു നിലവിളക്ക് ഉണ്ടായിരിക്കണമെങ്കിൽ ഒരു താലന്ത് പൊന്നുണ്ടായിരിക്കണം (പുറ. 25:39). (ഒരു താലന്ത് നൂറു പൗണ്ടിന്, അഥവാ 1600 ഔൺസിന് തുല്യമാണ്). നമുക്ക് കൂടുതൽ പൊന്ന്, കൂടുതൽ ദൈവം ആവശ്യമാണ്. നമുക്ക് നിലവിളക്കായ സഭ ഉണ്ടായിരിക്കണമെങ്കിൽ, നമുക്ക് കാതലായ ഒന്നുണ്ടായിരിക്കണം—ദൈവത്തിന്റെതന്നെ സത്ത, സാരാംശം, മൂലകമായ പൊന്ന് ഉണ്ടായിരിക്കണം. ഈ സത്ത നമുക്കില്ലെങ്കിൽ, സഭയെക്കുറിച്ചുള്ള നമ്മുടെ സകല സംസാരവും വ്യർഥമാണ്. നിരവധി ക്രിസ്ത്യാനികൾക്കിടയിലുള്ള ഇന്നത്തെ സാഹചര്യം എത്ര പരിതാപകരമാണ്. അവർക്ക് ദിവ്യപൊന്നെന്ന സാരാംശം വളരെ കുറച്ചുമാത്രമേ ഉള്ളൂ; സാരാംശം നേടുന്നതിനുപകരം, അവർ വ്യർഥമായ ഉപദേശം ചർച്ചചെയ്യുന്നു. നമ്മുടെ ഉപദേശം ബലിഷ്ഠവും, നേരായതും, അടിസ്ഥാനപരവും, തിരുവെഴുത്തിൻ പ്രകാരവും ആണെങ്കിൽപോലും അത് ദൈവംതന്നെയല്ല. ദൈവംതാൻ മാത്രമാണ് മൂലകം. പൊൻമൂലകമായി നമുക്ക് ദൈവത്തെ എത്രമാത്രം ആവശ്യമായിരിക്കുന്നു!

ദൈവം എന്താണ്? യോഹന്നാൻ 4:24-ൽ കർത്താവായ യേശു വ്യക്തമായി പറഞ്ഞു, "ദൈവം ആത്മാവാകുന്നു." യവനഭാഷയിൽ *ആത്മാവ്* എന്ന പദത്തിനുമുമ്പ് ഭേദകമില്ല. അതുകൊണ്ട് ദൈവം *ഒരു* ആത്മാവാണെന്ന് നാം പറയരുത്, പിന്നെയോ ദൈവം ആത്മാവാണെന്നു പറയണം. ദൈവം ആത്മാവാണെന്നു പറയുന്നത് മേശ തടിയാണെന്നു പറയുന്നതുപോലെയാണ്. മേശയുടെ മൂലകം തടിയാണെന്നതുപോലെ, ദൈവത്തിന്റെ മൂലകം ആത്മാവാണ്. യോഹന്നാൻ 4:24 അനുസരിച്ച്, ദൈവത്തെ ആരാധിക്കുന്നതിനായി നാം ആത്മാവിൽ അവനെ ആരാധിക്കണം. ദൈവത്തെ ആരാധിക്കുന്നത് കേവലം അവനുമുമ്പിൽ തലവണങ്ങുന്നതല്ല; അത് അവനിലേക്കു

എത്തുന്നത്, അവനെ ബന്ധപ്പെടുന്നത്, അവനെ സ്വീകരിക്കുന്നത് ആണ്. യോഹന്നാൻ 4-ന്റെ പശ്ചാത്തലമനുസരിച്ച്, ദൈവത്തെ ആരാധിക്കുകയെന്നാൽ ജീവജലമായി അവനെ കുടിക്കുന്നതാണ് (വാ. 14), അതു നമ്മുടെ ആളത്തത്തിലേക്ക് ഒഴുകുന്ന ആത്മാവുതന്നെയാണ്. ഈ ജീവജലമായി നമുക്കെങ്ങനെ അവനെ നമ്മിലേക്കു സ്വീകരിക്കുവാൻ കഴിയും? നമ്മുടെ മുഴുവൻ ആളത്തത്തെ അവന് തുറക്കുന്നതിലൂടെയും നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുന്നതിലൂടെയും നാം അവനെ സ്വീകരിക്കുന്നു. നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിലേക്ക് പൊന്നിൻമൂലകമായി നാം ദൈവത്തെ സ്വീകരിക്കണം. രാപ്പകൽ നമ്മെത്തന്നെ നാം തുറക്കണം. ഒരിക്കലും നിങ്ങളെത്തന്നെയോ നിങ്ങളുടെ ആളത്തത്തിന്റെ ഏതെങ്കിലും ഭാഗത്തെയോ അവന് അടയ്ക്കാതിരിക്കുക. മറിച്ച്, "ദൈവമേ, ഞാൻ പൂർണ്ണമായും നിനക്ക് തുറക്കുന്നു. ദിവ്യാത്മാവായ നിന്നെ ബന്ധപ്പെടുവാൻ ഞാൻ എന്റെ ആത്മാവിനെ വ്യായാമംചെയ്യുന്നു. ദിവ്യാത്മാവേ, എന്നിലേക്കു വരികയും എന്നെ സാന്ദ്രീകരിക്കുകയും ചെയ്യേണമേ" എന്ന് അവനോട് പറയുക. ഇതാണ് കൂടുതൽ പൊന്നു നേടുവാനുള്ള മാർഗം.

നാം എല്ലാവരും കൂടുതൽ പൊന്ന് നേടുമെങ്കിൽ, നമ്മുടെ ഇടയിൽ ഒരു താലന്തു മാത്രമല്ല, ഒരുപക്ഷേ നൂറു താലന്തുകൾ ഉണ്ടായിരിക്കും. നാം ദിവ്യമൂലകത്തിൽ, നിലവിളക്കിനുവേണ്ടിയുള്ള വസ്തുവിൽ, അത്യന്തം സമ്പന്നരായിരിക്കും. എല്ലാ സഹോദരീ സഹോദരന്മാരും ദൈവത്താൽ നിറഞ്ഞവരും, നാം പോകുന്നിടത്തെല്ലാം പൊന്ന് കാണുന്നവരും ആയിരിക്കും. നാം വിശുദ്ധന്മാരുടെ വീടുകളിലേക്കു പ്രവേശിക്കുമ്പോൾ നാം പൊന്നല്ലാതെ മറ്റൊന്നും കാണുകയില്ല. ഞാൻ സഹോദരീ സഹോദരന്മാരെ സന്ദർശിക്കുമ്പോൾ, ഞാൻ പൊന്നു കാണും. ഞാൻ ചെറുപ്പക്കാരുടെ അടുത്തു വരുമ്പോൾ, ഞാൻ പൊന്നു കാണുകയും, ഞാൻ പ്രായമായവരെ ബന്ധപ്പെടുമ്പോൾ അതിനെക്കാൾകൂടുതൽ പൊന്നു കാണുകയും ചെയ്യും. സഹോദരിമാർ തടികൊണ്ടും മണ്ണുകൊണ്ടുമുള്ളവരും ആയിരിക്കരുത്; അവർ പൊന്നുകൊണ്ടുള്ളവരായിരിക്കണം. ചില സഹോദരിമാർ പരദൂഷണം പറയുന്നത് കേൾക്കുമ്പോൾ എനിക്ക് എപ്പോഴും ലജ്ജ തോന്നുന്നു. ഞാൻ അവരെ കുറ്റം വിധിക്കാറില്ലെങ്കിലും ഞാൻ ലജ്ജാബോധം അനുഭവിക്കുന്നു, കാരണം സഭയിലെ സഹോദരിമാർ പൊന്നുകൊണ്ടുള്ളവരായിരിക്കണം. പരദൂഷണം പറയുന്ന ഒരു സഹോദരി വാസ്തവത്തിൽ സഭയിലല്ല. അതുപോലെ, ഒരു സഹോദരൻ സ്നേഹമില്ലാതെ തന്റെ ഭാര്യയുമായി വാക്കുകൾ കൈമാറുന്നത് ഞാൻ കാണുമ്പോഴും എനിക്ക് ലജ്ജ തോന്നുന്നു. ഈ സഹോദരനിൽ എവിടെയാണ്

പൊന്ന്? അവൻ സഭയിലുള്ള ഒരു സഹോദരനാണെങ്കിൽ, അവൻ പൊന്നുകൊണ്ട് നിറഞ്ഞവനായിരിക്കണം. ഇങ്ങനെയുള്ള കാര്യങ്ങൾ ഞാൻ കാണുമ്പോൾ, ഞാൻ തിരിഞ്ഞുകളയുന്നു. വിശുദ്ധന്മാരുടെ ചെളിമയമായ അവസ്ഥ കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മറിച്ച്, അവരിലെ പൊന്നിനെ കാണുന്നത് ഞാൻ ആസ്വദിക്കുന്നു. നമുക്കെല്ലാവർക്കും കൂടുതൽ പൊന്ന് ആവശ്യമാണ്. സഭ പൊന്നുകൊണ്ട് നിറഞ്ഞിരിക്കണം, ദൈവത്തെക്കൊണ്ട് നിറഞ്ഞിരിക്കണം. ഞാൻ ഇതു കാണുമ്പോൾ, എനിക്ക് മഹത്വകരമായി തോന്നുകയും ഞാൻ മൂന്നാം സ്വർഗത്തിൽ ആയിരിക്കുകയും ചെയ്യുന്നു.

## വിളക്കുതണ്ടു രൂപപ്പെടുത്തുവാൻ പൊന്നിനെ അടിപ്പുപണി ചെയ്യുന്നതിന്റെ അനുഭവം

എങ്കിലും, വലിയ അളവിൽ പൊന്നുണ്ടായിരിക്കുന്നതു മാത്രം പോരാ. നമുക്ക് ആയിരം താലന്തു പൊന്നുണ്ടായിരിക്കുകയും അപ്പോഴും നിലവിളക്കില്ലാതിരിക്കുകയും ചെയ്യാം, കാരണം രൂപമില്ലാതെ പദാർത്ഥം മാത്രം നമുക്കുണ്ടായിരിക്കാം. എങ്ങനെ നമുക്ക് രൂപം ഉണ്ടായിരിക്കാം? പൊന്നിനെ അടിപ്പുപണി ചെയ്താണ് നിലവിളക്ക് ഉണ്ടാക്കുന്നതെന്ന് അടിസ്ഥാനപരമായ വേദപുസ്തക പഠിതാക്കളെല്ലാം സമ്മതിക്കുന്നു. ഒരു സഹോദരന് പത്തു റാത്തൽ പൊന്നുണ്ടായിരിക്കുകയും, മറ്റൊരുവന് ഏഴു റാത്തൽ ഉണ്ടായിരിക്കുകയും, വേറൊരുത്തന് അഞ്ചു റാത്തൽ ഉണ്ടായിരിക്കുകയും ചെയ്യാം. എങ്ങനെയാണ് ഈ എല്ലാ പൊന്നിനെയും ഒരു തണ്ടായി രൂപപ്പെടുത്തുന്നത്? അവയെ ഒരുമിച്ചുചേർത്ത് അടിപ്പുപണി ചെയ്യുന്നതിലൂടെ മാത്രം. പൊന്നെല്ലാം ഒരുമിച്ച് ഒന്നായി കൊണ്ടുവരണം. ഇതു കെട്ടുപണിയെ പരാമർശിക്കുന്നു. ഒന്നാമതായി, നമുക്ക് പദാർത്ഥം വേണം, പിന്നെ അടിപ്പുപണിയിലൂടെ നമുക്ക് കെട്ടുപണി വേണം. ഇന്ന് യാതൊരു കെട്ടുപണിയും അവന് കാണുവാൻ കഴിയാതിരിക്കുന്നുവെങ്കിൽ അത് കർത്താവിന് ലജ്ജാകരമാണ്. എന്തുകൊണ്ടാണ് നാം സഭയാണെന്നും അവർ സഭയല്ലെന്നും നമുക്കു പറയുവാൻ കഴിയുന്നതെന്നു ചോദിച്ചുകൊണ്ട്, നിരവധി ആളുകൾ സഭയെക്കുറിച്ച് നമ്മോട് തർക്കിക്കുന്നു. എന്നാൽ ചോദ്യം ഇതാണ്: എവിടെയാണ് കെട്ടുപണി? നിങ്ങൾക്ക് ധാരാളം പൊന്നുണ്ടായിരിക്കാം, എന്നാൽ നിങ്ങൾക്ക് കെട്ടുപണിയുടെ രീതിയിൽ രൂപം ഇല്ലെങ്കിൽ നിങ്ങൾക്ക് നിലവിളക്കില്ല. നിങ്ങൾ പൊന്നിനാൽ സമ്പന്നനാണെങ്കിലും നിലവിളക്കിൽ—കെട്ടുപണിയിൽ—ദരിദ്രനാണെന്നാണ് ഇത് അർത്ഥമാക്കുന്നത്.

നിങ്ങൾക്ക് തണ്ടുണ്ടായിരിക്കണമെങ്കിൽ, നിങ്ങൾ മറ്റുള്ളവരുമായി ഒരുമിച്ചുചേർത്ത് അടിക്കപ്പെടേണ്ടതുണ്ട്.

നിങ്ങളുടെ വ്യതിരിക്തത നിങ്ങൾ നഷ്ടപ്പെടുത്തേണ്ടതുണ്ട്. "ഇതാണ് എന്റെ പൊന്ന്. ഞാൻ ആത്മികനാണ്" എന്നു പറയരുത്. നിലവിളക്കിനെ സംബന്ധിച്ചിടത്തോളം, അതിൽത്തന്നെ ഒരു അവസാനമായി നിങ്ങൾ ആത്മികനായിരിക്കുന്നത് അർഥശൂന്യമാണ്. നിങ്ങളുടെ ദൈവാനുഭവവും ആസ്വാദനവും മറ്റുള്ളവരുടേതുമായി ഒരുമിച്ച് അടിക്കപ്പെടണം. നമ്മുടെ പൊന്ന് ഒരുമിച്ചു വയ്ക്കുകയും, അടിക്കപ്പെടുകയും, ഒരു അസ്തിത്വമായി, ഒരു ഏകകമായി പണിയപ്പെടുകയും വേണം. അപ്പോൾ നമുക്ക് പൊന്ന് ഉണ്ടായിരിക്കുക മാത്രമല്ല, ഒരു പൊൻനിലവിളക്കായി പണിയപ്പെടുകയും ചെയ്യുന്നു. ഇതാണ് സഭ.

അനഹേമിലെ സഭയിലുള്ളവർ നൂറുകണക്കിന് വ്യതിരിക്തരായ ഏകകങ്ങൾ മാത്രമാണെങ്കിൽ, നാം തീർന്നുപോയി. നൂറുകണക്കിന് വ്യതിരിക്തരായ പൊന്നിന്റെ ഏകകങ്ങളെ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ പൊന്നും ഒരുമിച്ചുവച്ച് നിലവിളക്ക് രൂപപ്പെടുത്തുവാൻ അടിച്ചുപണിയപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു. കെട്ടുപണിയുടെ ആവശ്യം എന്തുമാത്രമാണ്! നാം കെട്ടുപണി കണ്ടുവെങ്കിൽ നാം ഒരിക്കലും വ്യക്തിപരതയുള്ളവരായിരിക്കുകയില്ല. മറിച്ച്, ദിവ്യമൂലകത്തിന്റേതായി നാം നേടുകയോ സ്വീകരിക്കുകയോ ചെയ്യുന്നതെന്തും നിലവിളക്കിന്റെ കെട്ടുപണിക്കു വേണ്ടിയാണെന്ന് നാം മനസ്സിലാക്കും. ദൈവത്തിന്റെ ആഗ്രഹം കെട്ടുപണിക്കുവേണ്ടിയായതുകൊണ്ട്, നാം ഒരുമിച്ച് പണിയപ്പെടേണ്ടതിന് നമ്മുടെ സാരാംശമായി ക്രിസ്തുവിൽ ദൈവത്തെ നമുക്കാവശ്യമാണെന്ന് ഒന്നിനു പുറകെ ഒന്നായി ദൂതുകൾ ഞങ്ങൾ നല്കിയിട്ടുണ്ട്. വലിയ അളവിൽ പൊന്നുണ്ടായിരിക്കുന്നതും തൻനിമിത്തം ദൈവത്തിൽ സമ്പന്നരായിരിക്കുന്നതും നല്ലതാണ്. എന്നാൽ നിങ്ങൾ ഇപ്പോഴും വ്യക്തിപരതയുള്ളവനാണോ, അതോ നിങ്ങൾ സംഘാത അസ്തിത്വത്തിന്റെ ഭാഗമാണോ? നമുക്ക് കെട്ടുപണി ആവശ്യമാണ്.

## ആവിഷ്കാരമെന്ന നിലയിൽ ഏഴു വിളക്കുകളെ അനുഭവമാക്കുന്നു

നമുക്ക് പൊന്നുണ്ടായിരിക്കുകയും, നാം ഒരുമിച്ചുചേർത്ത് അടിക്കപ്പെടുകയും, ഒരു നിലവിളക്കായി പണിയപ്പെടുകയും ചെയ്യുന്നുണ്ടെങ്കിലും, ആവിഷ്കാരമെന്ന നിലയിൽ നമുക്ക് അപ്പോഴും ഏഴു വിളക്കുകൾ, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആവശ്യമാണ്. നമുക്ക് ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ഇല്ലെങ്കിൽ, ദൈവത്തെ ആവിഷ്കരിക്കുന്നതിന് പ്രകാശിക്കുവാൻ നാം അപ്രാപ്തരായിരിക്കും. നാം ചെറുപ്പക്കാരോ പ്രായമുള്ളവരോ ആയിരുന്നാലും, ദിവസേന ദൈവത്തിന്റെ ഏഴിരട്ടി ആത്മാവിനാൽ നാം നിറയണം. ദൈവത്തിന്റെ ഏഴിരട്ടി ആത്മാവിനാൽ

നാം നിറഞ്ഞിരിക്കുമ്പോഴെല്ലാം നാം ജീവനുള്ളവരും പ്രകാശിക്കുന്നവരും ആണ്. ദൈവത്തിന്റെ ഏഴ് ആത്മാക്കളാൽ നാം നിറഞ്ഞിരിക്കുന്നതുകൊണ്ട്, നമുക്ക് മരിച്ചവരോ മങ്ങിയവരോ ആയിരിക്കുവാൻ കഴിയുകയില്ല. ഏഴിരട്ടി *ദിവ്യ വായുവിനാൽ* നിറഞ്ഞിരിക്കുന്നതിനാൽ നമുക്കൊരിക്കലും കാറ്റുപോയ ടയർപോലെയായിരിക്കുവാൻ കഴിയുകയില്ല. ഒന്നിനും നമ്മെ അടിച്ചമർത്തുവാൻ കഴിയുകയില്ല. നാം ദൈവത്മാവിനാൽ നിറഞ്ഞവരായിരിക്കുന്നതുകൊണ്ട് അമർത്തപ്പെടുന്തോറും നാം മുകളിലേക്ക് കുതിച്ചുപൊങ്ങുന്നു. എനിക്ക് കൂടുതൽ പ്രയാസമുണ്ടാകുമ്പോൾ ഞാൻ അധികം മുകളിലേക്ക് പൊങ്ങുന്നുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. അനേകം സമയങ്ങളിൽ ചില കാര്യങ്ങൾ പറയരുതെന്ന് മറ്റുള്ളവർ എന്നെ ഉപദേശിച്ചു, എന്നാൽ ദൈവത്തിന്റെ ഏഴ് ആത്മാക്കളാൽ നിറഞ്ഞിരുന്നതു നിമിത്തം എനിക്ക് അവയെക്കുറിച്ച് സംസാരിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ഒരിക്കൽ ഒരാൾ ഈ ചോദ്യം എന്നോടു ചോദിച്ചു: "താങ്കൾ എന്തുകൊണ്ടാണ് ഇത്രത്തോളം ജീവനുള്ളവനും, പുതുക്കമുള്ളവനും, നിത്യഹരിതനും ആയിരിക്കുന്നത്? ദയവുചെയ്ത് താങ്കളുടെ രഹസ്യം പറഞ്ഞുതരിക." എന്റെ രഹസ്യം എനിക്ക് ആത്മാവ് ഉണ്ട് എന്നതാണ്.

യോഗങ്ങളിൽ പ്രവർത്തനത്തിന് നിങ്ങളെത്തന്നെ ഒരുക്കേണ്ട ആവശ്യമില്ല. നിങ്ങൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ പ്രവർത്തനം ഒരു പ്രകടനമായിരിക്കും. പ്രവർത്തിക്കുകയെന്നാൽ നിങ്ങൾ എന്തായിരിക്കുന്നുവോ അങ്ങനെ ആയിരിക്കുന്നതാണ്. ചിലപ്പോൾ നേതൃത്വം നൽകുന്ന സഹോദരന്മാർ, പ്രാർഥനായോഗങ്ങളിൽ പ്രവർത്തിക്കുന്നതിനായി വിശുദ്ധന്മാരെ ശക്തമായി പ്രോത്സാഹിപ്പിക്കുന്നു. എന്നാൽ അങ്ങനെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്യാജമായ പ്രവർത്തനങ്ങളല്ല, പിന്നെയോ വിശുദ്ധന്മാർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരല്ലാത്തതു കൊണ്ട് പ്രകടനങ്ങളാണ്. അവർ കാറ്റുപോയ ടയർപോലെയാണ്. യോഗത്തിന് വരുന്നതിനു മുമ്പേതന്നെ അവർ കാറ്റുപോയവരാണ്. എന്നാൽ പ്രാർഥനായോഗത്തിൽ നേതൃത്വം നൽകുന്നവർ ഈ കാറ്റുപോയ ടയറുകൾ അല്പമെങ്കിലും ഉരുളേണ്ടതിന് അപ്പോഴും നിർബന്ധിക്കുന്നുണ്ടാകും. ഇത്തരത്തിലുള്ള പ്രവർത്തനം ഉൾനിറയുന്നതും ഉൾവസിക്കുന്നതുമായ *ശ്വാസത്തിൽ* നിന്നു വരുന്നതല്ല, പിന്നെയോ മൂപ്പന്മാരുടെ തള്ളൽ നിമിത്തം വരുന്നതാണ്. ഒരു സഹോദരനെയോ സഹോദരിയെയോ പ്രവർത്തിക്കുവാൻ നിർബന്ധിച്ചതിനുശേഷം, അവൻ രണ്ട് ആഴ്ച പ്രാർഥിക്കുന്നുണ്ടാവില്ല. എന്റെ അനുഭവത്തിൽനിന്ന് എനിക്ക് ഇതിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. തള്ളുന്നത് ഒരിക്കലും സഹായിക്കുകയില്ല. ഒരു ടയറിന്റെ കാറ്റു പോയാൽ

അതിനെ ഉരുട്ടാതിരിക്കുന്നതാണ് നല്ലത്, കാരണം നിങ്ങൾ എത്രയധികം അതിനെ ഉരുട്ടുന്നുവോ അത്രത്തോളം അതു നശിച്ചതായിത്തീരുന്നു. എങ്കിലും, നമ്മിലാരും കാറ്റുപോയ ടയർ ആയിരിക്കരുത്. പകരം, നാം *ശ്വാസത്താൽ* നിറഞ്ഞവരാകണം. നമുക്ക് മൂന്നാം സ്വർഗത്തിൽ ഒരു "താവളം" ഉണ്ട്: നമുക്കെപ്പോഴും സ്വർഗീയ *ശ്വാസത്താൽ* നിറയപ്പെടുവാൻ കഴിയും. നാം ആത്മാവിനാൽ നിറയപ്പെടുമ്പോൾ, നമുക്ക് ഏതു സമയത്തും പ്രവർത്തിക്കുവാൻ കഴിയും. ഈ പ്രവർത്തനം ഒരു പ്രകടനമല്ല—അത് നമ്മുടെ ജീവിതമാണ്. ഞാൻ ആത്മാവിനാൽ നിറയുകയും തിളച്ചുപൊങ്ങുകയും ചെയ്യുമ്പോൾ, ഞാൻ ഓജസ്സുള്ളവനും, ഉത്സാഹമുള്ളവനും, ചെറുപ്പവും ആണ്. ഭൂതങ്ങൾക്കുപോലും ഒരു ദൂതു നല്കുവാൻ എനിക്കു കഴിയും. പിശാച് എന്റെ അടുക്കൽ വന്നാൽ ഞാൻ അവന് ഒരു നല്ല ഉപദേശം നല്കും. പണിയപ്പെട്ട സഭയിൽ നാം എല്ലാവരും ഏഴുമടങ്ങ് ദൈവാത്മാവിനാൽ നിറഞ്ഞവരാകുമ്പോൾ, ഈ ഏഴുമടങ്ങു ദൈവാത്മാവ് ക്രിസ്തുവിൽ ദൈവത്തിന്റെ ആവിഷ്കാരം തന്നെയായിത്തീരും.

## നിലവിളക്കിന്റെ പുനരുല്പാദനം

ഇനി നാം നിലവിളക്കിന്റെ അനുഭവത്തിന്റെ നാലാമത്തെ വശമായ പുനരുല്പാദനത്തിലേക്കു വരുന്നു. പുറപ്പാടിലും സെഖര്യാവിലും, നിലവിളക്ക് നിസ്തുലമായി ഒന്നായിരുന്നു. എന്നാൽ പരിണതിയുടെ പുസ്തകത്തിൽ, ഏഴു സ്ഥലം സഭകളെ സൂചിപ്പിക്കുന്ന ഏഴു നിലവിളക്കുകളുണ്ട്. പുറപ്പാടിലെ നിലവിളക്കിനാൽ സൂചിപ്പിക്കപ്പെടുന്ന ക്രിസ്തുവും സെഖര്യാവിലെ നിലവിളക്കിന്റെ ഏഴു വിളക്കുകളാൽ സൂചിപ്പിക്കപ്പെടുന്ന ദൈവാത്മാവും സാർവത്രികസഭയെ ഉളവാക്കുന്നതിനുവേണ്ടി മാത്രമല്ല, പിന്നെയോ സ്ഥലം സഭകളെ പുനരുല്പാദിപ്പിക്കേണ്ടതിനും കൂടിയാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരു നിലവിളക്ക് ഏഴു നിലവിളക്കുകളായി പുനരുല്പാദിപ്പിക്കപ്പെടുന്നു. അനേകം നിലവിളക്കുകളായ എല്ലാ സ്ഥലം സഭകളും ഏക നിലവിളക്കായ ക്രിസ്തുവിന്റെയും ആത്മാവിന്റെയും പുനരുല്പാദനമാണ്. വിമർശകർ സ്ഥലംസഭകളെ എത്രയധികം എതിർക്കുന്നുവോ, അത്രയധികം പുനരുല്പാദനം ഉണ്ടായിരിക്കും. എതിർപ്പ് തുടർന്നുള്ള പുനരുല്പാദനത്തിനുള്ള പാത നിരത്തുക മാത്രം ചെയ്യുന്നു. എതിർപ്പിനെക്കുറിച്ച് വിചാരപ്പെടരുത്. പദാർത്ഥത്തിനും, കെട്ടുപണിക്കും, ആവിഷ്കാരത്തിനുംവേണ്ടി മാത്രം വിചാരപ്പെടുക. ഈ മൂന്നു കാര്യങ്ങളും എത്രയധികം നമുക്കുണ്ടായിരിക്കുന്നുവോ, അത്രയുമധികം നാം പുനരുല്പാദനം കാണും. എന്താണ് ഈ പുനരുല്പാദനം? ഇതു വാസ്തവത്തിൽ പ്രായോഗികമായ രീതിയിൽ ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവിന്റെ അത്ഭുതകരമായ

ആവിഷ്കാരത്തിന്റെ ഒരു പെരുക്കമാണ്. ഇതാണ് സഭയുടെ പുനരുല്ലാദനം. ഈ പുനരുല്ലാദനം കർത്താവു മടങ്ങിവരുന്നതിനുള്ള പാത ഒരുക്കുമെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ടെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പുനരുല്ലാദനം എന്ന ഈ മുഖാന്തരത്താൽ, സർവഭൂമിയെയും സ്വന്തമാക്കുവാനുള്ള തന്റെ മടങ്ങിവരവിനായി തനിക്ക് കാൽ വയ്ക്കുവാൻ കർത്താവിന് ഒരു സുരക്ഷിതതീരം ഉണ്ടായിരിക്കും.